പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3994 | 12.12.2018 ൽ മറുപടിക്ക്

## പൂന്തുറ സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ പൂന്തുറ സാമൂഹികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി പൂന്തുറ സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം കൂടുതൽ ചികിത്സാ സൗകര്യങ്ങളാണ് ഇതിലൂടെ ലഭിക്കുകയെന്ന് വിശദമാക്കുമോ; | (ബി) & (സി) | ആർദ്രം പദ്ധതി നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ശ്വാസ്, ആശ്വാസ് ക്ലിനിക്കൽ സേവനങ്ങളും ഫീൽഡ് തല പ്രവർത്തനങ്ങളും സബ് സെന്ററുകളുടെ ശാക്തീകരണവും സമഗ്രവും സാർവ്വത്രികവുമായ പ്രാഥമിക ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന 24 കിടക്കകളോട്ടുകൂടിയ സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ ലബോറട്ടറി, ഫാർമസി, ഒഫ്ത്താൽമിക് ക്ലിനിക്, ഇമ്മ്യൂണൈസേഷൻ ക്ലിനിക്, പാലിയേറ്റീവ് കെയർ, ആന്റിനേറ്റൽ ക്ലിനിക്കുകൾ എന്നിവയുടെ സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരികയാണ്. ആവശ്യമായ അധിക തസ്തിക നൽകുന്ന നടപടി സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | എങ്കിൽ പ്രസ്തുത ചികിത്സാ സൗകര്യങ്ങൾ എന്നത്തേയ്ക്ക് രോഗികൾക്കായി ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ